"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 - എറണാകുളം ജില്ലയിൽ എടത്തല ഗ്രാമപഞ്ചായത്തിലെ നൊച്ചിമ ഗവ. ഹൈസ്കൂളിന് ചട്ടം 3(4)(a) പ്രകാരം കവറേജിൽ ഇളവ് അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.1775/2025/LSGD തീയതി, തിരുവനന്തപുരം, 18-07-2025

---

പരാമർശം:-

1. നൊച്ചിമ ഗവ. ഹൈസ്കൂൾ പ്രധാനാധ്യാപികയുടെ 07/09/2023-ലെ 19/2023-24/03 നമ്പർ അപേക്ഷ.
2. ചീഫ് ടൗൺ പ്ലാനറുടെ 21/05/2025-ലെ LSGD/PD/70897/2023-TCPB2 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ എടത്തല ഗ്രാമപഞ്ചായത്തിലെ നൊച്ചിമ ഗവൺമെന്റ് ഹൈസ്കൂളിന് 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കവറേജിൽ ഇളവ് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം പ്രധാനാധ്യാപിക അപേക്ഷ സമർപ്പിച്ചിരുന്നു.

2) നിലവിൽ 4 കെട്ടിടങ്ങൾ പ്ലോട്ടിലുണ്ടെന്നും, G + 2 നിലകളുള്ള Building 1 (764.91 sqm), G + 1 നിലകളുള്ള Building 2 (272.5 sqm), G + 1 നിലകളുള്ള Building 3 (268.82 sqm), G + 1 നിലകളുള്ള Building 4 (562.46 sqm) എന്നിവയും Toilet Block (73.42 Sqm), Stage (45.67 sqm) എന്നിവയുമുൾപ്പെടെ പ്ലോട്ടിൽ നിലവിൽ മൊത്തം 1987.78 Sqm വിസ്തീർണ്ണമുള്ള നിർമ്മാണങ്ങളുണ്ടെന്നും ഒരു നിലയുള്ള നിർദ്ദിഷ്ട നിർമ്മാണത്തിന്റെ വിസ്തീർണ്ണം 182.86 Sqm ആണെന്നും നിർദ്ദിഷ്ട നിർമ്മാണം വരുമ്പോൾ കവറേജ് അധികമാകുമെന്നും സമർപ്പിച്ചിരിക്കുന്ന സ്കെച്ച് പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 ബി പാലിക്കുന്നതായി കാണുന്നുവെന്നും പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) നിലവിലുള്ള കെട്ടിടത്തിന്റെ കവറേജ് 33% ആണെന്നും പുതിയ നിർമ്മാണമുൾപ്പെടെയുള്ള മൊത്തം കവറേജ് 39.60% ആകുന്നതാണെന്നും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 27 പ്രകാരം വിദ്യാഭ്യാസ കെട്ടിടത്തിന് അനുവദനീയമായ കവറേജ് 35% ആണെന്നും പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) അപേക്ഷ പ്രകാരം നിർദ്ദിഷ്ട നിർമ്മാണം ഒരു നിലയായതിനാലും വിസ്തീർണ്ണം 181.86 Sqm. മാത്രമായതിനാലും, നിലവിൽ ഏകദേശം 900 വിദ്യാർത്ഥികൾ പഠിക്കുന്നതിന് ആവശ്യമായ ക്ലാസ് മുറികളുടെ അഭാവം മൂലം പുതിയ കെട്ടിടം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സ്കൂൾ അധികൃതർ അറിയിച്ചിരിക്കുന്നത് കണക്കിലെടുത്തും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 27 പ്രകാരമുള്ള കവറേജിന്റെ പരിധിയിൽ നിന്ന്

നൊച്ചിമ ഗവ. ഹൈസ്കൂളിന് നിബന്ധനകൾക്ക് വിധേയമായി ഇളവ് നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ എടത്തല ഗ്രാമപഞ്ചായത്തിലെ നൊച്ചിമ ഗവൺമെന്റ് ഹൈസ്കൂളിലെ നിർദ്ദിഷ്ട നിർമ്മാണം ഒരു നിലയായതിനാലും വിസ്തീർണ്ണം 181.86 Sqm മാത്രമായതിനാലും, നിലവിൽ ഏകദേശം 900 വിദ്യാർത്ഥികൾ പഠിക്കുന്നതിന് ആവശ്യമായ ക്ലാസ് മുറികളുടെ അഭാവം മൂലം പുതിയ കെട്ടിടം നിർമിക്കേണ്ടതിന്റെ ആവശ്യകത സ്കൂൾ അധികൃതർ അറിയിച്ചിരിക്കുന്നത് കണക്കിലെടുത്തും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ (കെപിബിആർ 2019) ചട്ടം 27 പ്രകാരമുള്ള കവറേജ് പരിധിയിൽ, ടി ചട്ടങ്ങളുടെ ചട്ടം 3(4)(a) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചു കൊണ്ട് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃത കെട്ടിടങ്ങളാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. കെപിബിആർ 2019-ലെ ചട്ടം 28 പ്രകാരമുള്ള ആക്സസ്, ചട്ടം 42 പ്രകാരമുള്ള Provisions for Differently-abled, Elderly and Children എന്നിവ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. വിഭാവിത നിർമ്മാണം, ഇളവ് അനുവദിക്കുന്ന ചട്ടം ഒഴികെ, കെപിബിആർ 2019-ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവന്തപുരം
പ്രധാനാധ്യാപിക, ഗവ. ഹൈസ്കൂൾ, നൊച്ചിമ, എറണാകുളം
സീനിയർ ടൗൺ പ്ലാനർ, എറണാകുളം
സെക്രട്ടറി, എടത്തല ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ(തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
സെക്ഷൻ ഓഫീസർ
Date: 20-07-2025 22:17:45